# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

(പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-695 033)

**(ഹാജർ: സി.എ.ലത, ഐ.എ.എസ്)**

===========================================================

നം.എൽ.ആർ.സി4-3608/2020. തീയതി- 07/02/2020

===========================================================

വിഷയം:- പൊന്നും വില - മലപ്പുറം ജില്ല - തിരൂർ, പൊന്നാനി താലൂക്കുകൾ - ഭാരതപ്പുഴയ്ക്ക് കുറുകെ പാലം നിർമ്മിക്കുന്നതിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നത് - പുനരധിവാസ പുന:സ്ഥാപനത്തിനുള്ള കരട് സ്കീം അംഗീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- മലപ്പുറം ജില്ലാ കളക്ടറുടെ 16/01/2020 ലെ DCMPM/11416/2018-LA4 നം. കത്ത്.

മലപ്പുറം ജില്ലയിൽ തിരൂർ, പൊന്നാനി താലൂക്കുകളിൽ ഭാരതപ്പുഴയ്ക്ക് കുറുകെ പാലം നിർമ്മിക്കുന്നതിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് 14/07/2009 തീയതിയിലെ ജി.ഒ.(ആർ.റ്റി) 1044/2009/PWD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതും, തുടർന്ന് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയിട്ടുള്ളതും, ആയതിനെ സംബന്ധിച്ച വിദഗ്ധ സമിതി റിപ്പോർട്ട് ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതുമാണ്. ടി ഭൂമി ഏറ്റെടുക്കലിന്റെ 11(1) പ്രാരംഭ വിജ്ഞാപനം 31/10/2019 തീയതിയിലെ 2616 ാം നമ്പർ കേരള അസാധാരണ ഗസറ്റിലും 17/07/2019 തീയതിയിലെ ചന്ദ്രിക ദിനപ്പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയിൽ താമസക്കാരിയായ ശ്രീമതി.സതീദേവിയ്ക്ക് വീട് നഷ്ടപ്പെടുന്നുണ്ടെന്നും, പ്രസ്തുത കുടുംബത്തെ പുനരധിവസിപ്പിക്കേണ്ടി വരുമെന്നും കൂടാതെ അക്വിസിഷനിൽ ഉൾപ്പെട്ടു വരുന്ന കോഴിക്കോട് സർവ്വോദയ സംഘത്തിന്റെ നെയ്ത്ത് കേന്ദ്രമായി ഉപയോഗിച്ചു വരുന്ന കെട്ടിടവും നഷ്ടപ്പെട്ടു പോകുന്നതിനാൽ കോഴിക്കോട് സർവ്വോദയം സംഘം സെക്രട്ടറിയ്ക്ക് പാക്കേജ് അനുവദിക്കണമെന്നും കാണിച്ച് ശുപാർശ സമർപ്പിച്ചിട്ടുള്ളതാണ്.

LARR ACT 2013 വകുപ്പ് 44 പ്രകാരം 1/11/2015 ലെ ജി.ഒ.(പി) 589/15/RD നമ്പർ ഉത്തരവ് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള പാക്കേജ് അംഗീകരിക്കുന്നതിനുള്ള കമ്മീഷണറായി ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. LARR ACT വകുപ്പ് 43 (1) പ്രകാരം ജി.ഒ.(പി) 590/15/ RD ഉത്തരവ് പ്രകാരം എൽ.എ.ഡെപ്യൂട്ടി കളക്ടറെ അതാത് ജില്ലയിലെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിച്ചിട്ടുള്ളതാണ്. ജില്ലാ കളക്ടർ സമർപ്പിച്ച പാക്കേജിലെ ബാധിക്കപ്പെട്ട ഭൂവുടമകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

0677351

GOVERNMENT OF KERALA

| ക്രമ നം. | പേര് | 29/ 12/ 2017 ലെ ജി.ഒ.(എം.എസ്) 448/ 17/ ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരമുള്ള ഘടകങ്ങൾ | തുക |
|---|---|---|---|
| 1 | ശ്രീമതി.സതീദേവി W/ o വാസുദേവൻ(Late) മനോഭവൻ, അമ്പാട്ട് ഹൗസ്. | 1,5,6,10 | 4,60,000/- |
| 2 | സെക്രട്ടറി, കോഴിക്കോട് സർവ്വോദയ സംഘം, ഖാദിഗ്രാം, കോഴിക്കോട്. | 8 | 50,000/- |
| | | | 5,10,000/- |
| | | (ആകെ അഞ്ച് ലക്ഷത്തി പതിനായിരം രൂപ മാത്രം) | |

ജില്ലാ കളക്ടർ സമർപ്പിച്ച പാക്കേജ് വിശദമായി പരിശോധിച്ചു. ആയതിൽ 2013 ലെ പൊന്നുംവില ചട്ടം 21 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുള്ളതായി കാണുന്നു. പൊതു ആവശ്യത്തിനായി ഭൂമി വിട്ടു നൽകിയവർക്ക് പുനരധിവാസ പാക്കേജ് നിയമ പ്രകാരം നൽകേണ്ടതുണ്ട്. ആയതിനാൽ മലപ്പുറം ജില്ലാ കളക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ച പുനരധിവാസ പാക്കേജ് അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

പുനരധിവാസ പാക്കേജിനെ സംബന്ധിച്ച തുടർ നടപടികൾ അഡ്മിനിസ്ട്രേറ്റർ കൈക്കൊള്ളേണ്ടതും, നടപടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

LARR ACT 2013 സെക്ഷൻ 18, ചട്ടം 21(6) പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അംഗീകരിക്കപ്പെട്ട സ്കീം പ്രോജക്ട് ഏരിയായിൽ പ്രചാരത്തിലിരിക്കുന്ന മലയാളം ദിനപ്പത്രത്തിലും, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും, ജില്ലാ കളക്ടർ, സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, തഹസിൽദാർ എന്നിവരുടെ ഓഫീസുകളിൽ പ്രാദേശിക ഭാഷയിൽ ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട പ്രദേശങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ഒപ്പ്/-

**കമ്മീഷണർ**

പകർപ്പ്.- 1. ജില്ലാ കളക്ടർ, മലപ്പുറം.

2. ഡെപ്യൂട്ടി കളക്ടർ (എൽ.എ) & അഡ്മിനിസ്ട്രേറ്റർ, മലപ്പുറം.

ഉത്തരവിൻ പ്രകാരം

 റ്റി 7

സൂപ്രണ്ട്

0677350 GOVERNMENT OF KERALA